# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുംബഡാജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എസ് ഡി17/1010/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 27/11/2025
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുംബഡാജെ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എസ് ഡി7/1010/2025 തീയ്യതി: 27/11/2025

## കാസർഗോഡ് ജില്ലയിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേശൻ പി വി | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2025 | 30-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2025 | 30-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഗോപാലകൃഷ്ണ നായ്ക് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ജയാനന്ദ എച്ച്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.എം ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജനാർദ്ദനൻ സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുജിത പി കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.വിദ്യാസാഗർ ജി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹമീദ് പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ടി ബിജു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 29-05-2024 |
| ശ്രീ.കെ ഹരീഷ് | സെക്രട്ടറി | 30-05-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി ബിജു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 13-09-2024 |
| ശ്രീ.അബ്ദുൽ സത്താർ ഡി | അസിസ്റ്റന്റ് സെക്രട്ടറി | 14-09-2024 | 31-10-2024 |
| ശ്രീ.സഹജൻ കെ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2024 | 31-03-2025 |
| ശ്രീ.അഖിൽ ഷാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീ.ഗിരീഷ് ബി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷക്കീല എസ് കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ.ഹർഷാദ് വി കെ | വി.ഇ.ഒ | 01-04-2024 | 15-09-2024 |
| ശ്രീ.അബ്ദുൽ റഹ്മാൻ | വി.ഇ.ഒ | 16-09-2024 | 30-11-2024 |
| ശ്രീ.ഗോകുൽ ബി | വി.ഇ.ഒ | 01-12-2024 | 31-03-2025 |
| ശ്രീ.പ്രകാശ് ബി കെ | പ്രധാനാധ്യാപകൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രീല എൽ | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ.സയ്യദ് ഹാമിദ് ശുഹൈബ് കെ എസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2024 | 07-08-2024 |
| ഡോ.നിരഞ്ജന | മെഡിക്കൽ ഓഫീസർ അലോപ്പതി | 08-08-2024 | 30-09-2024 |
| ഡോ.സയ്യദ് ഹാമിദ് ശുഹൈബ് കെ എസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-10-2024 | 31-03-2025 |
| ഡോ.ഷരീഫ ടി കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 06-01-2025 |
| ഡോ.എൽദോ പോൾ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 07-01-2025 | 31-03-2025 |
| ശ്രീമതി.ശാലിനി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാധ്യതാ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. | 1-1-4 |
| 6 | രജിസ്റ്ററുകൾ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-7 |
| 9 | അഡ്വാൻസ് നൽകിയത് കാലങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല | 1-1-9 |
| 11 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-10 |
| 12 | Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല | 1-1-11 |
| 13 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ഗ്രാമസഭ | 1-10 |
| 23 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 24 | പലിശരഹിത അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് അവശേഷിക്കുന്നു. | 1-12 |
| 25 | FTE&OS ലൈസൻസ്- ട്രേഡേഴ്സ് ഡാറ്റ ബേസ് നിലവില്ലില്ല | 1-13 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.7,16,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 27 | IKM ന് വിഹിതം അടവാക്കൽ– തുകയുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല - 65478 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 28 | ഓണം അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-16 |
| 29 | ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-17 |
| 30 | വാഹനങ്ങളുടെ വിവരങ്ങൾ VEELS ൽ രേഖപ്പെടുത്തിയിട്ടില്ല | 1-18 |
| 31 | ലൈബ്രറി സെസ് സംസ്ഥാന ലൈബ്രറി കൗൺസിലിന് അടവാക്കുന്നതിൽ കാലതാമസം. | 1-19 |
| 32 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ– മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി. | 1-20 |
| 33 | മാർപ്പനടുക്ക എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 34 | പെരിഞ്ചെ എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ ഇലക്ട്രിക്കൽ ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-22 |

| | | |
|---|---|---|
| 35 | പുത്രക്കള എസ്.സി.കോളനി സ്ലീറ്റ് മെയിൻ പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 36 | എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 37 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 38 | വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-26 |
| 39 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ മുഴുവനായും പരിഗണിക്കാത്തതിനാൽ അധിക ചെലവ്. | 1-27 |
| 40 | കുബംഡാജെ പി.എച്ച്.സി ലാബ് ഉപകരണങ്ങൽ വാങ്ങൽ- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-28 |
| 41 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ അനുവദിച്ച ആംബുലൻസ് തുരുമ്പെടുത്ത് നശിക്കുന്നു. | 1-29 |
| 42 | വനിതകൾക്ക് ആട്ട വിതരണം (SO) പദ്ധതി- 6000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 43 | കറവപ്പശു വിതരണം ST (SO) പദ്ധതി - അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-31 |
| 44 | വനിതകൾക്ക് കറവപ്പശു വിതരണം (SO) പദ്ധതി -അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-32 |
| 45 | ചക്കടൽ കുടിവെള്ള പദ്ധതി-കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ട 13,000 രൂപ കരാറുകാരന് നൽകി. | 1-33 |
| 46 | മവ്വാർ– പെരിഞ്ച കുടിവെള്ള പദ്ധതി-കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ട തുകയായ 13,000 രൂപ കരാറുകാരന് നൽകി | 1-34 |
| 47 | ജൽജീവൻ മിഷൻ പദ്ധതി- അവലോകനം | 1-35 |
| 48 | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ആരോഗ്യ മേഖല ഗ്രാന്റ്-ഗ്രാമപഞ്ചായത്ത് തല അവലോകനം. | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ചക്കടൽ കുടിവെള്ള പദ്ധതി-കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ട 13,000 രൂപ കരാറുകാരന് നൽകി | 3-1 |
| 2 | മവ്വാർ– പെരിഞ്ച കുടിവെള്ള പദ്ധതി-കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ട 13,000 രൂപ കരാറുകാരന് നൽകി | 3-2 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പാ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | രസീപ്റ്റ് & പേയ്മെൻറ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.06.2025 ലെ 3 തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുമ്പഡാജേ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുമ്പഡാജേ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

27.11.2025

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

**1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 1936739/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 4420718/-രൂപയുമാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാന്റേർഡ് പ്രകാരം മേൽ പരാമർശിച്ച രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-3 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/3/2025 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/2025 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്നവയുടെ ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടിന്റെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100128 | MGNREGA | 0 | 450210101 | KGB-40413101053300 | 0 |
| | | | | 450210101 | KGB-40413100006781 | 3730 |
| 2 | 320200104 | CFC – Basic Tax Grant | 1072745 | 450210101 | KGB – 40413101032370 | 5409697 |
| | 320200113 | CFC – Tied Fund | 4290928 | | | |

**1-1-4 ബാധ്യതാ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.**

ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ & ബി 9 ഷെഡ്യൂൾ എന്നിവ പ്രകാരം ബാധ്യതയായി വർഷങ്ങളായി തുടരുന്ന ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്കും മറ്റു സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകൾ ഒടുക്കുവാനും, വിനിയോഗിക്കുവാൻ സാധിക്കുന്ന തുകകൾ അതത് ആവശ്യത്തിന് വിനിയോഗിക്കുവാനും, ആയതിന് സാധിക്കുന്നില്ലെങ്കിൽ തിരികെ ഒടുക്കുവാനും നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം, കോഡ് | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 320100145 - National Programme For Persons With | 100000 | 2019-20 മുതൽ നിലനിൽക്കുന്നു |

| | | | |
|---|---|---|---|
| | Disabilities | | |
| 2 | 320100162 - SSA | 1314 | 2021-22 മുതൽ നിലനിൽക്കുന്നു. |
| 3 | 320100181 – Total Sanitation Campaign | 22000 | 2018-19 മുതൽ നിലനിൽക്കുന്നു |
| 4 | 320100191 – Nirmal Puraskar | 144190 | 2015-16 മുതൽ നിലനിൽക്കുന്നു |
| 5 | 320100197- Literacy Scheme Grant | 6596 | 2017-18 മുതൽ നിലനിൽക്കുന്നു |
| 6 | 320100198 – Grant From Suchitwa Mission | 1593806 | 2022-23 മുതൽ നിലനിൽക്കുന്നു |
| 7 | 320300103 - Grants, Funds & Contributions For Specific Purposes -Other Government Agencies - Total Sanitation | 25000 | 2017-18 മുതൽ നിലനിൽക്കുന്നു |
| 8 | 320700105- Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 471380 | 2021-22 മുതൽ നിലനിൽക്കുന്നു |
| 9 | 320700405 - Contributions For Other Specific Purposes (For RevenueExpenditure)- From District Panchayats | 150000 | 2018-19 മുതൽ നിലനിൽക്കുന്നു |
| 10 | 350200119 - Recoveries Payable - Covid | 440 | 2021-22 മുതൽ നിലനിൽക്കുന്നു |
| 11 | 350200202 - Recoveries Payable-Value Added Tax | 3250 | 2021-22 മുതൽ നിലനിൽക്കുന്നു |
| 12 | 350300103 - Government And Other Dues Payable-Value Added Tax | 4265 | 2021-22 മുതൽ നിലനിൽക്കുന്നു |
| 13 | 350400501 - Refunds Payable - Grants And Funds | 1750 | 2021-22 മുതൽ നിലനിൽക്കുന്നു |
| 14 | 350800101 - Liability In Respect Of Stale Cheques | 43057 | 2021-22 മുതൽ നിലനിൽക്കുന്നു. |

**1-1-5 രജിസ്റ്ററുകൾ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.**

1. ഷെഡ്യൂൾ B-5 പ്രകാരം Loan From KURDFC ഇനത്തിൽ 6837444 /- രൂപ അടവാക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 6837043/- രൂപയാണ് അടവാക്കാനുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| | മുൻബാക്കി | ലോൺ വരവ് | ലോൺ തിരിച്ചടവ് | ബാക്കി |
|---|---|---|---|---|
| രജിസ്റ്റർ പ്രകാരം | 6093949 | 2234014 | 1490920 | 6837043 |

| | | | | |
|---|---|---|---|---|
| AFS പ്രകാരം | 6094350 | 2234014 | 1490920 | 6837444 |

2.വാർഷിക കണക്ക് പ്രകാരം ( B-18) വിവിധ ഇനങ്ങളിലായി 4014771 രൂപയുടെ അഡ്വാൻസ് ക്രമീകരിക്കാനുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല.
3. തൊഴിൽ നികുതി (എംപ്ലോയിസ്) രജിസ്റ്ററിലേയും വാർഷിക കണക്കിലേയും DCB വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 448750 | 448750 | 0 |
| AFS പ്രകാരം | 454250 | 454250 | 0 |

4. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.
5.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കിനുള്ള ചെലവ് കാഷ് ബുക്ക് പ്രകാരം 3407352/- രൂപയാണ്. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ ബി3) രേഖപ്പെടുത്തിയിട്ടില്ല.

**1-1-6 അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല**

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനു വേണ്ടി പ്രൊ നം 70/25,74/25,73/25,71/25,72/25,58/25,66/25,69/25,68/25,67/25 എന്നിവ പ്രകാരം 716000 രൂപ , KSEB യ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ഈ പ്രവൃത്തികളുടെ മുൻകൂർ അനുവദിച്ച 716000 രൂപ വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിലെ Advance To Implementing Agencies - Deposit With KSEB എന്ന ശീർഷകത്തിൽ ഉൾപ്പടുത്തിയിട്ടില്ല.

**1-1-7 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസായി രേഖപ്പടുത്തിയിരിക്കുന്നു**

വാർഷിക കണക്ക് (RP-40b) പ്രകാരം LGTSB (A/C No. 799013000000905) അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് ആയതിന്റെ (-91177) കാരണം വിശദീകരിക്കപ്പെട്ടില്ല.

**1-1-8 അഡ്വാൻസ് നൽകിയത് കാലങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു**

ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം ടൂർ ട്രാവൽ അഡ്വാൻസിനത്തിൽ (460100105) 9500/-രൂപ 2018-19 മുതൽ ക്രമീകരിക്കാതെ നിലനിർത്തുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

**1-1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല**

ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം KERALA GRAMIN BANK-MGNREGA JAYANAGARA( 40413100006781 ) ലെ Cheque Deposited But Not Cleared ഇനത്തിൽ 3730 രൂപ (വൗച്ചർ നം . രേഖപ്പെടുത്തിയിട്ടില്ല. തീയതി - 31.03.2017) നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

**1-1-10 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.**

വാർഷിക ധനകാര്യപത്രികയിൽ ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റീക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

| ബാങ്ക് | RP 40(a) പ്രകാരം മുന്നിരിപ്പ് | RP 40(B) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| സബ് ട്രഷറി - കാസറഗോഡ് (720021400000023) | 2500 | 2500 |

## 1-1-11 Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല

ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം KERALA GRAMIN BANK (OLD 7648) ( A/C No. 40413100005102) അക്കൗണ്ടിൽ നിന്ന് Directly Debited By Bank ആയി ചേർത്ത 3990/- രൂപ (തീ. 03.05.2024) നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

## 1-1-12 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2025 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

2024-25വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 14/02/2024 ലെ 1/1 നം തീരുമാനം | 27/03/2025 ലെ 1/1 നം തീരുമാനം |
| മുന്നിരിപ്പ് | 693931 | 342911 |
| വരവ് | 169124402 | 184355119 |
| ആകെ | 169818333 | 184698030 |
| ചെലവ് | 169000402 | 183824819 |
| നീക്കിയിരിപ്പ് | 817931 | 873211 |

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

| | |
|---|---|
| വർഷം | 2024-25 |
| മുന്നിരിപ്പ് | 11238301 |
| വരവ് | 33700509 |
| ആകെ | 44938810 |
| ചെലവ് | 29279791 |
| നീക്കിയിരിപ്പ് | 15659019 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1424092 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | | 11676000 | 11676000 | 11070260 | 605740 |
| വികസനഫണ്ട് എസ്.സി.പി. | 0 | | 4816000 | 4816000 | 4816000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | | 1396000 | 1396000 | 930379 | 465621 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | | 10608000 | 10608000 | 8250947 | 2357053 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | | 6162000 | 6162000 | 4373641 | 1788359 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബേസിക് | ബാങ്ക് | 15,08,634 | 2118540 (പലിശ 81223 രൂപ അടക്കം) | 3627174 | 2617616 | 1009558 |
| | ട്രഷറി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | ബാങ്ക് | 22,12,860 | 4438500 | 6651360 | 2360432 | 4290928 |
| | ട്രഷറി | 0 | 426631 | 426631 | 426631 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 15,25,647 | | 769457 | 2295104 | 2295104 | 0 |
| ജില്ലാ പഞ്ചായത്ത് | 790320 | | 783577 | 1573897 | 859687 | 714210 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 0 | | 24715802 | 24715802 | 24715802 | 0 |
| എൻ പി പി ഡി (320100145) | 100000 | | 0 | 100000 | 0 | 100000 |
| എസ് എസ് എ | 1278 | | 36 | 1314 | 0 | 1314 |
| സ്വച്ഛഭാരത് അഭിയാൻ | 0 | | 5000 | 5000 | 5000 | 0 |
| റ്റി എസ് സി | 22000 | | 0 | 22000 | 0 | 22000 |
| നിർമ്മൽ പുരസ്കാരം | 144190 | | 0 | 144190 | 0 | 144190 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1848926 | | 2117350 | 3966276 | 494211 | 3472065 |
| സാക്ഷരത | 6596 | | 0 | 6596 | 0 | 6596 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 1593806 | 0 | 1593806 | 0 | 1593806 |
| 320100202 – Health Grant | 336457 | 300779 | 637236 | 217113 | 420123 |
| 320100203- Health Grant | 0 | 2894373 | 2894373 | 1766039 | 1128334 |
| 320100204 – Health Grant | 299713 | 491303 | 791016 | 292600 | 498416 |
| സാനിറ്റേഷൻ | 25000 | 0 | 25000 | 0 | 25000 |
| ഗുണഭോക്തൃ വിഹിതം | 198829 | 164176 | 363009 | 268365 | 94640 |

1 . വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത **₹ 20,62,951 (ജനറൽ), ₹ 92,768 (ടി.എസ്.പി) ₹ 2,02,801** (എസ്.സി.പി )എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
2. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 10,281,351 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | അടങ്കൽ | ഭാഗികമായി നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 185 | 94929305 | 6 | 45509181 | 70 | 70.88 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 54 | 5095312 | 40 | 5520263 | 108.34 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 21 | 1911568 | 14 | 894282 | 46.78 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 111 | 33400448 | 67 | 17839599 | 53.41 |
| 4 | കൃഷി ഓഫീസർ | 6 | 2134100 | 6 | 2128037 | 99.72 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 41623545 | 14 | 10435834 | 25.07 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 4616900 | 11 | 3951502 | 85.59 |
| 7 | വെറ്റനറി സർജ്ജൻ | 11 | 1108311 | 11 | 1089163 | 98.27 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 185000 | 3 | 177887 | 96.16 |
| 9 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 13 | 3409728 | 10 | 2289571 | 67.15 |
| 10 | പ്രധാനാധ്യാപകൻ | 9 | 1077320 | 7 | 823247 | 76.42 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 367073 | 2 | 359796 | 98.02 |
| | **ആകെ** | **261** | **94929305** | **185** | **45509181** | **47.94** |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1191629 | 1191629 | 1191629 | 0 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീ യിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 23524173 | 23524173 | 23524173 | 0 |
| **ആകെ** | **0** | **24715802** | **24715802** | **24715802** | **0** |

കുറിപ്പ് - വാർഷിക കണക്ക് അപാകത 1-1-5(5) കാണുക

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-25 വർഷം 1102 പദ്ധതികളുൾപ്പെടുന്ന 323364866/-രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 158 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 56620 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറ് തൊഴിൽ ദിനം ലഭിച്ച 218 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1141600 | 75 |
| വിധവാപെൻഷൻ | 10008900 | 682 |
| വാർദ്ധക്യകാലപെൻഷൻ | 14630300 | 1024 |
| വികലാംഗപെൻഷൻ | 3267700 | 226 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 332800 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2025 തീയതിയിൽ 03:00p.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2972/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജോലി വിഭജനത്തിൽ ആവശ്യമായ

മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. നികുതി, നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2024-25 വർഷം 2 തവണ ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ,2023-24 വാർഷിക പദ്ധതി അധിക ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ,2023-24 വർഷത്തെ വരവ് ചെലവുകൾ അംഗീകരിക്കൽ,ജനനം,മരണം,വിവാഹം എന്നിവ സമയബന്ധിതമായി രജിസ്റ്റർ ചെയ്യൽ,2025-26വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകൾക്കുള്ള വസ്തു നികുതി അവക്ക് നേരെ കാണിച്ചിട്ടുള്ള കാലയളവിൽ കുടിശ്ശികയാണ് എന്ന് കാണുന്നു.

| ക്രമ.നം | ഡോർ നമ്പർ | മൊബൈൽ കമ്പനി | കുടിശ്ശികയുടെ കാലയളവ് | ആകെ കുടിശ്ശിക (LC ഉൾപ്പടെ) |
|---|---|---|---|---|
| 1 | 4/258/D | M/S Vodafone Essar Cellular Ltd | 2023-24 മുതൽ 2024-25 വരെ | 7180/- |
| 2 | 11/177/A | M/S Bharathi Infratel Ltd | 2013-14 മുതൽ 2021-22 വരെ | 17376/- |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/30.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതും കുടിശ്ശികയുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 പലിശരഹിത അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലേക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | അക്കൗണ്ട് നമ്പർ | ബാങ്ക്, ബ്രാഞ്ച് | നീക്കിയിരിപ്പ് തുക (₹) 31.03.2025 തീയ്യതിയിൽ |
|---|---|---|---|
| 1 | 37296593350 | SBI,Railway Station Road, Kasaragod | 1880707 |

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തുന്നത് പലിശയിനത്തിൽ ലഭ്യമാവേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം. 06/23.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചേർത്തിരിക്കുന്ന ബാങ്കുകളിൽ ആവശ്യമായ തുക മാത്രം നില നിർത്തി ബാക്കി തുക സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി വിവരം ലഭ്യമാക്കേണ്ടതാണ്.

**1-13 FTE&OS ലൈസൻസ്- ട്രേഡേഴ്സ് ഡാറ്റ ബേസ് നിലവില്ലില്ല**

FTE&OS ലൈസൻസ് എടുക്കാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും ഡാറ്റാ ബേസ് പഞ്ചായത്തിൽ നിലവിലില്ല. നിലവിൽ സൂക്ഷിച്ച് വരുന്ന ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് ഫീസ് ഒടുക്കി ലൈസൻസ് കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തി വരുന്നത്. ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം FTE&OS ലൈസൻസ് എടുക്കാൻ ബാദ്ധ്യതയുള്ള, പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന എല്ലാ സ്ഥാപനങ്ങളും വ്യാപാരികളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ഇക്കാര്യം പരിശോധിക്കുന്നതിനും നിലവിലുള്ള രജിസ്റ്ററിലെ വിവരങ്ങൾ പര്യാപ്തമല്ല. ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം FTE&OS ലൈസൻസ് എടുക്കാൻ ബാദ്ധ്യതയുള്ള, പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന എല്ലാ സ്ഥാപനങ്ങളും വ്യാപാരികളും ഉൾപ്പെടുന്ന വാർഡ് തിരിച്ചുള്ള ലിസ്റ്റ്/ഡാറ്റാബേസ് തയ്യാറാക്കിയാൽ മാത്രമേ ഇത്തരമൊരു നിയന്ത്രണവും പരിശോധനയും സാധ്യമാവുകയുള്ളൂ.ഇത്തരം സമഗ്രമായ ഒരു ട്രേഡേഴ്സ് ലിസ്റ്റ് / ഡാറ്റാബേസ് തയ്യാറാക്കി മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഓരോ വർഷവും കാലികമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/30.08.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട് . മറുപടി പ്രകാരം, മേലിൽ ലിസ്റ്റ് പ്രത്യേകമായി തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.അതിനാൽ സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ്/ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.7,16,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

താഴെ ചേർത്തിരിക്കുന്ന വിവിധ പ്രോജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കുന്നതിനായി ചുവടെ ചേർത്ത തുകകൾ KSEB ബദിയടുക്ക സെക്ഷനിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച പൂർത്തീകരണ റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് | ചെലവ് വിവരം | |
|---|---|---|---|
| | | ബിൽ/ ചെക്ക്/വൗച്ചർ നം./തിയ്യതി | തുക/ ഫണ്ടിനം |
| 1 | 58/25 – പത്താം വാർഡിൽ സ്ട്രീറ്റ് മെയിൻ | 24200252001001037519/15.12.2024 | 97000/ വികസന ഫണ്ട് ജനറൽ |
| 2 | 69/25- ബി ജി സർക്കിൾ ചെറൂണി സ്ട്രീറ്റ് മെയിൻ രണ്ടാം ഘട്ടം | 24200252001001037523/15.12.2024 | 98000/ വികസന ഫണ്ട് ജനറൽ |
| 3 | 70/25 – മുനിയൂർ നെരപ്പാടി സ്ട്രീറ്റ് മെയിൻ രണ്ടാംഘട്ടം | 24200252001001037524/15.12.2024 | 100000/ വികസന ഫണ്ട് ജനറൽ |

| | | | |
|---|---|---|---|
| 4 | 73/25 – പൊസൊളിഗെ മേഗിന ബെളിഞ്ച സ്ട്രീറ്റ് മെയിൻ | 24200252001001037526/15.12.2024 | 55000/ വികസന ഫണ്ട് ജനറൽ |
| 5 | 72/25 – നട്ടുമജൽ സ്ട്രീറ്റ് മെയിൻ | 24200252001001037525/15.12.2024 | 42000/ വികസന ഫണ്ട് ജനറൽ |
| 6 | 74/25 – മാർപ്പനടുക്ക അഗൾപ്പാടി സ്ട്രീറ്റ് മെയിൻ | 24200252001001037527/15.12.2024 | 104000/ വികസന ഫണ്ട് ജനറൽ |
| 7 | 68/25 – പിലാങ്കട്ട ഉബ്രംഗള റോഡ് സ്ട്രീറ്റ് മെയിൻ | 24200252001001037522/15.12.2024 | 22000/ വികസന ഫണ്ട് ജനറൽ |
| 8 | 71/25 – മൗവ്വാർ സ്കൂൾ ബാറഡുക്ക സ്ട്രീറ്റ് മെയിൻ | 24200252001001061337/19.12.2024 | 70000/ വികസന ഫണ്ട് ജനറൽ |
| 9 | 67/25 – മാർപ്പനടുക്ക കറുവത്തടുക്ക സ്ട്രീറ്റ് മെയിൻ സ്ട്രീറ്റ് മെയിൻ രണ്ടാംഘട്ടം | 24200252001001037521/15.12.2024 | 30000/ വികസന ഫണ്ട് ജനറൽ |
| 10 | 70/25 – മുനിയൂർ പൊടിപ്പള്ള സ്ട്രീറ്റ് മെയിൻ | 24200252001001037520/15.12.2024 | 98000/ വികസന ഫണ്ട് ജനറൽ |
| | | **ആകെ** | **716000/-** |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/25.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ **716000**/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-15 IKM ന് വിഹിതം അടവാക്കൽ- തുകയുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല - 65478 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പറും പേരും | 2/25 , IKM-ന് വിഹിതം നൽകൽ |
| അടങ്കൽ തുക | 70000/- ( വികസന |

| | |
|---|---|
| | ഫണ്ട്- ജനറൽ) |
| ചെലവ് | 65478/- ( വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ | 24200252001000704450/ 25.09.2024 |

മേൽ സൂചിപ്പിച്ച പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് 2024-25 വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 65478/- രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളാ മിഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/25.08.2025)മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 65478/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 ഓണം അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.**

2017-18 സാമ്പത്തിക വർഷം രവീന്ദ്രൻ കെ (ഹെഡ് ക്ലർക്ക്) , 2019-20 സാമ്പത്തിക വർഷം ഷംസുദ്ദീൻ എം (ക്ലർക്ക്) എന്നിവർക്ക് അനുവദിച്ച ഓണം അഡ്വാൻസ് തുകയിൽ യഥാക്രമം 9000, 1000 എന്നീ തുകകൾ തിരികെ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ടി തുകകൾ ക്രമീകരിച്ച വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-17 ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.**

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര സഹായം നൽകാനും ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി (08/23.08.2025)

**1-18 വാഹനങ്ങളുടെ വിവരങ്ങൾ VEELS ൽ രേഖപ്പെടുത്തിയിട്ടില്ല**

ധനകാര്യ (ഐ.ടി,സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുടർച്ചയായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ “Vehicle Management And Location Tracking System (VEELS)” എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ

കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലെ അനുബന്ധ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ VEELS ൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.15/26.08.2025)

## 1-19 ലൈബ്രറി സെസ് സംസ്ഥാന ലൈബ്രറി കൗൺസിലിന് അടവാക്കുന്നതിൽ കാലതാമസം.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം ഒടുക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/എൽ3/99ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് ഒടുക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2022-23,2023-24 വർഷങ്ങളിലെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ ലൈബ്രറി സെസ്സ് തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കുന്നതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| കാലയളവ് | ഒടുക്കിയ തുക (₹) | ഒടുക്കിയ ഇൻസ്ട്രുമെന്റ് &തിയ്യതി |
|---|---|---|
| 2022-23, 2023-24സാമ്പത്തിക വർഷം (ഇരു സാമ്പത്തിക വർഷങ്ങ ളിലേയും ഒരുമിച്ച് ഒടുക്കി) | 164323 | Instrument No: 028954 /06.08.2024 |

2024-25 സാമ്പത്തിക വർഷത്തെ ഒന്ന്, രണ്ട് അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് ഒടുക്കിയ വിവരം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (16/26.08.25) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ്സ് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി.

2024-25 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഒരു ടണ്ണിന് 11,520 രൂപയാണ് വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 576 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്. ഈ നിരക്ക് പ്രകാരം ടെണ്ടർ ചെയ്താണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശങ്ങൾ (സിമന്റ് MRP) | സിമന്റിന്റെ അളവ്, നിരക്ക് ( AE സാക്ഷ്യപ്പെടുത്തിയ മെഷർമെന്റ് പ്രകാരം) |
|---|---|---|
| 1 | പ്രവൃത്തി - തോട്ടതമൂല-കുറമജൽ കോൺക്രീറ്റ് റോഡ്<br>(1601002005/RC/394161)<br>കരാറുകാരൻ- ഭാസ്കരൻ കെ എം<br>ഇൻവോയ്സ് നം 1. BR-JAN/R127/17.01.2024<br>2.BR-JAN/R129/17.01.2024<br>3.BR-JAN/R132/17.01.2024<br>4.BR-JAN/R142/18.01.2024 | വാങ്ങിയ സിമന്റ്- 17.71 ടൺ X Rs.9000/ടൺ = 159390 രൂപ<br>നിരക്ക്- ചാക്കിന് 450 രൂപ |

| | | |
|---|---|---|
| | 5.BR-JAN/R149/18.01.2024<br>6.BR-JAN/R150/18.01.2024<br>(MRP -390) | |
| 2 | പ്രവൃത്തി - കൈലാസ് നഗർ- പുത്രകല കോൺക്രീറ്റ് റോഡ്<br>(1601002005/RC/392548)<br>കരാറുകാരന്- ഭാസ്കരൻ കെ എം<br>ഇൻവോയ്സ് നം. 1. BR-FEB/ R71/09.02.2024<br>2.BR-FEB/R90/12.02.2024<br>(MRP -390) | വാങ്ങിയ സിമന്റ്- 17.71 ടൺ X Rs.9000/ടൺ = 159390 രൂപ<br>നിരക്ക്- ചാക്കിന് 450 രൂപ |
| 3 | പ്രവൃത്തി - മറുവങ്ങോട് - മല്ലറ കോൺക്രീറ്റ് റോഡ്<br>(1601002005/RC/394159)<br>കരാറുകാരന്- ഭാസ്കരൻ കെ എം<br>ഇൻവോയ്സ് നം. 1. BR-FEB/ R37/06.02.2024<br>2.BR-FEB/R48/07.02.2024<br>3.BR-FEB/R45/06.02.2024<br>4.BR-FEB/R52/07.02.2024<br>5.BR-FEB/R53/07.02.2024<br>(MRP -390) | വാങ്ങിയ സിമന്റ്- 17.71 ടൺ X Rs.9000/ടൺ = 159390 രൂപ<br>നിരക്ക്- ചാക്കിന് 450 രരൂപ |
| 4 | പ്രവൃത്തി - കുംബഡാജെ - നെട്ടുവനംവയൽ റോഡ്<br>(1601002005/RC/39418)<br>കരാറുകാരന്- ഭാസ്കരൻ കെ എം<br>ഇൻവോയ്സ് നം. 1. BR-JAN/ R57/09.01.2024<br>2.BR-JAN/R44/08.01.2024<br>3.BR-JAN/R41/08.01.2024<br>4.BR-FEB/R52/07.02.2024<br>5.BR-FEB/R53/07.02.2024<br>(MRP -390) | വാങ്ങിയ സിമന്റ്- 17.7 ടൺ X Rs.9000/ടൺ = 159300 രൂപ<br>നിരക്ക്- ചാക്കിന് 450 രൂപ |
| 5 | പ്രവൃത്തി - എ പി സർക്കിൾ - പാവൂർ റോഡ്<br>(1601002005/RC/394169)<br>കരാറുകാരന്- മുഹമ്മദ് സിയാബ് ടി.എം<br>ഇൻവോയ്സ് നം. 1.ESE191/23.04.2024 (MRP-470) | വാങ്ങിയ സിമന്റ്- 17.71 X ടൺ X Rs.9000 /ടൺ = 159390 രൂപ<br>നിരക്ക്- ചാക്കിന് 450 രൂപ |
| 6 | പ്രവൃത്തി - സി എച്ച് നഗർ- ചെമ്പോട് റോഡ്<br>(1601002005/RC/394157)<br>കരാറുകാരന്- മുഹമ്മദ് സിയാബ് ടി.എം<br>ഇൻവോയ്സ് നം. 1.ESE192/23.04.2024 (MRP-470) | വാങ്ങിയ സിമന്റ്- 17.71 X ടൺ X Rs.9000 /ടൺ = 159390 രൂപ<br>നിരക്ക്- ചാക്കിന് 450 രൂപ |
| 7 | പ്രവൃത്തി-കറുംവംതഡുക്ക- സീതാംകുഴി റോഡ് കോൺക്രീറ്റ്<br>(1601002005/RC/394173)<br>കരാറുകാരന്- ഭാസ്കരൻ കെ എം<br>ഇൻവോയ്സ് നം. 1. BR-JAN/R81/11.01.2024<br>2.BR-JAN/R79/11.01.2024<br>3.BR-JAN/R65/10.01.2024<br>4.BR-JAN/R68/10.01.2024 | വാങ്ങിയ സിമന്റ്- 17.7 X ടൺ X Rs.9000 /ടൺ = 159300 രൂപ<br>നിരക്ക്- ചാക്കിന് 450 രൂപ |

| | | |
|---|---|---|
| | 5.BR-JAN/R96/12.01.2024<br>(MRP -390) | |
| 8 | പ്രവൃത്തി - ബെളിംജേ - ബൈരമൂലെ റോഡ് കോൺക്രീറ്റ്<br>(1601002005/RC/39417)<br>കരാറുകാരന്- ഭാസ്കരൻ കെ എം<br>ഇൻവോയ്സ് നം.1. BR-MAR/R143/21.03.2024<br>2.BR-MAR/R144/21.03.2024<br>3.BR-MAR/R139/21.03.2024<br>4.BR-MAR/R125/20.03.2024<br>5.BR-MAR/R129/20.03.2024<br>(MRP -370) | വാങ്ങിയ സിമന്റ്- 17.71 X ടൺ X Rs.9000 /ടൺ = 159390 രൂപ<br>നിരക്ക്- ചാക്കിന് 450 രൂപ |

വെണ്ടർമാർ സമർപ്പിച്ച ഇൻവോയിസ് പ്രകാരം കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക സിമന്റ് വിലയിനത്തിൽ വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. SECURE സോഫ്റ്റ്‌വെയറിലെ നിരക്ക് അതേപടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ഭീമമായ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റിന്റെ ഇൻവോയ്സ് വാങ്ങിയിട്ടുണ്ടെങ്കിലും നിരക്കുകൾ പരിശോധിച്ച് അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽപ്പെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയേക്കാൾ അധികം വരാത്തവിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതുമാണ്.(MGNREGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP/BW/20-2022 ലെ ഉത്തരവ്).ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 27/2024-25 തീയതി.29.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ വിഷയം തൊഴിലുറപ്പ് പദ്ധതി മിഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി സോഫ്റ്റ്‌വെയറിലെ നിരക്കുകൾ പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മാർപ്പനടുക്ക എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2024-25 സാമ്പത്തിക വർഷത്തിൽ മാർപ്പനടുക്ക എസ്.സി.കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി , നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര് | 105/25 , മാർപ്പനടുക്ക എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ പദ്ധതി |
| അടങ്കൽ തുക | 1,00,000രൂപ |
| ചെലവ് തുക | 98,000രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് (എസ്.സി.പി.) |
| **ബിൽ റഫറൻസ് നമ്പർ /തിയ്യതി** | **തുക** |
| 24200252014301051781/ തിയ്യതി : 20.12.2024 | 98,000 രൂപ |

ഗ്രാമപഞ്ചായത്തിലെ മാർപ്പനടുക്ക എസ്.സി.കോളനിയിൽ തെരുവ് വിളക്കുകൾ

സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ നീട്ടാനുള്ളതാണ് പ്രോജക്ട്. അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ ബദിയഡുക്കയുടെ 2.12.2024-ലെ DB 7/2024-25/ES BDK/ PANCHAYAT/186-ാം നമ്പർ എസ്റ്റിമേറ്റ് പ്രകാരം 98,000 രൂപ ഡെപ്പോസിറ്റ് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയ തിന്റെ വിവരം ഫയിൽ സൂക്ഷിച്ചിട്ടില്ല. KSEB ബദിയടുക്ക സെക്ഷന്റെ അക്കൗണ്ടിലേക്ക് (42093170000047) 98,000 രൂപ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വൈദ്യുതി ലൈൻ നീട്ടുന്നതുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെടുന്നതിന് 21.12.2024 -ലെ SC3-105/2024 നമ്പർ കത്ത് മുഖാന്തരം നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് സെക്രട്ടറി ബദിയഡുക്ക ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്.എന്നാൽ അസ്സിസ്റ്റന്റ് സെക്രട്ടറി മാത്രം ഒപ്പ് വെച്ച 500 രൂപയുടെ സ്റ്റാമ്പ് പേപ്പർ (നമ്പർ 355099/തിയ്യതി : 6.12.2024) നിബന്ധനകൾ ഉൾക്കൊള്ളിക്കാതെ ഫയലിൽ സൂക്ഷിച്ചതല്ലാതെ KSEB-യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.19.7.2025-ലെ SC3-105/2024 നമ്പർ കത്ത് മുഖാന്തരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അസ്സിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ടുവെങ്കിലും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:12 തിയതി: 26.8.2025.) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറുപടി പ്രകാരം വിനിയോഗ സാക്ഷ്യപത്രം പിന്നീട് പരശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 98,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 പെരിഞ്ചെ എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ ഇലക്ട്രിക്കൽ ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

2024-25 സാമ്പത്തിക വർഷത്തിൽ പെരിഞ്ചെ എസ്.സി.കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര് | 120/25 , പെരിഞ്ചെ എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ പദ്ധതി |
| അടങ്കൽ തുക | 90,000രൂപ |
| ചെലവ് തുക | 90,000രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് (എസ്.സി.പി.) |
| **ബിൽ റഫറൻസ് നമ്പർ /തിയ്യതി** | **തുക** |
| 24200252014301051871/ തിയ്യതി : 20.12.2024 | 90,000 രൂപ |

ഗ്രാമപഞ്ചായത്തിലെ പെരിഞ്ചെ എസ്.സി.കോളനിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ നീട്ടാനുള്ളതാണ് പ്രോജക്ട്. അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ മുള്ളേരിയയുടെ 19.11.2024-ലെ DB 14/116/2024-25/AE /ES MLR നമ്പർ കത്ത് പ്രകാരം 90,000 രൂപ ഡിപ്പോസിറ്റ് ചെയ്യുന്നതിന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ വിശദമായ എസ്റ്റിമേറ്റ് കണക്കാക്കുകയോ ഭരണസമിതി അംഗീകാരം നൽകിയതിന്റെ വിവരം ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഡിമാൻറ് പ്രകാരം 90,000 രൂപ KSEB മുള്ളേരിയ സെക്ഷന്റെ അക്കൗണ്ടിലേക്ക് (നമ്പർ 42143170000021) മേൽ സൂചിപ്പിച്ച ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വൈദ്യുതി ലൈൻ നീട്ടുന്നതുമായി ബന്ധപ്പെട്ട്, അസ്സിസ്റ്റന്റ് സെക്രട്ടറി KSEB -യുമായി കരാറിൽ എർപ്പെട്ടിട്ടില്ല. 500 രൂപയുടെ സ്റ്റാമ്പ് പേപ്പർ (നമ്പർ 355101/തിയ്യതി : 6.12.2024) നിബന്ധനകൾ ഉൾക്കൊള്ളിക്കാതെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.19.7.2025-ലെ SC3-105/2024നമ്പർ കത്ത് മുഖാന്തരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അസ്സിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ടുവെങ്കിലും ലഭിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:13 തിയതി:26.8.2025.) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരം വിനിയോഗ സാക്ഷ്യപത്രം പിന്നീട് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 90,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 പുത്രക്കള എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

2024-25 സാമ്പത്തിക വർഷത്തിൽ പുത്രക്കള എസ്.സി.കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി , നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | 257/25 , പുത്രക്കള എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ പദ്ധതി |
| അടങ്കൽ തുക | 70,000രൂപ |
| ചെലവ് തുക | 69,000രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് (എസ്.സി.പി.) |
| **ബിൽ റഫറൻസ് നമ്പർ /തിയ്യതി** | **തുക** |
| 24200252014301051772/ തിയ്യതി : 20.12.2024 | 69,000 രൂപ |

ഗ്രാമപഞ്ചായത്തിലെ പുത്രക്കള എസ്.സി.കോളനിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ നീട്ടാനുള്ളതാണ് പ്രോജക്ട്. അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ ബദിയഡുക്കയുടെ 2.12.2024-ലെ DB 7/2024-25//ES BDK/PANCHAYATH/118 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 69,000 രൂപ ഡിപ്പോസിറ്റ് ചെയ്യുന്നതിന് ആവശ്യപ്പെടുകയുണ്ടായി. എസ്റ്റിമേറ്റ് ഭരണസമിതി അംഗീകാരം നൽകിയതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഡിമാൻറ് പ്രകാരം 69,000 രൂപ KSEB ബദിയഡുക്ക സെക്ഷന്റെ അക്കൗണ്ടിലേക്ക് (നമ്പർ 42093170000047) മേൽ സൂചിപ്പിച്ച ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വൈദ്യുതി ലൈൻ നീട്ടുന്നതുമായി ബന്ധപ്പെട്ട് അസ്സിസ്റ്റന്റ് സെക്രട്ടറി KSEB-യുമായി കരാറിൽ എർപ്പെട്ടിട്ടില്ല .19.7.2025-ലെ SC3-105/2024നമ്പർ കത്ത് മുഖാന്തരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അസ്സിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ടുവെങ്കിലും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:14 തിയതി : 26.8.2025.) ലഭ്യമായ മറുപടി പ്രകാരം, വിനിയോഗ സാക്ഷ്യപത്രം പിന്നീട് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 69,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രധാനാധ്യാപകൻ |
| പ്രോജക്ടിന്റെ പേര്/ നമ്പർ | എസ്.എസ്.കെ വിഹിതം (പൊതു വിഭാഗം സാധാരണം വിഹിതം),21/25 |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ )-2,00,000 |
| ചെലവ് തുക | 2,00,000 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 24200252014800495448 തീയ്യതി.02-08-2024 |

കുമ്പഡാജെ ഗ്രാമ പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ പ്രധാനാധ്യാപകൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.കെ വിഹിതം നൽകൽ പ്രോജക്ടിനായി 2,00,000 രൂപ എസ് എസ്.കെ. പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്(A/C No-0819101104302). എസ്.എസ്.കെ. വിഹിതം ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം

ഹാജരാക്കാത്തതിനാൽ 2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.17/2024-25 തീയതി 26-08-2025)

**1-25 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്,നമ്പർ | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ, 28/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ : 2,50,000 | ചെലവ് : 75000 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നമ്പർ/ തീയതി | 24200252001000858723/04.11.24 |

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് മേൽ പട്ടികയിൽ കാണിച്ച പ്രകാരം 75000 രൂപ (PF-253/02.09.2024-75000) മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ആയത് നിലവിൽ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക്-വിതരണ രേഖകൾ സഹിതം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/25.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല.**

മുൻവർഷങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട് ഭാഗീകമായി ധനസഹായം കൈപ്പറ്റിയ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.(പദ്ധതി നമ്പർ-42/25,43/25)

| ഗുണഭോക്താക്കളുടെ പേര് , വിലാസം, ബാങ്ക് അക്കൗണ്ട് നമ്പർ | തുക അനുവദിച്ച തീയ്യതി | അനുവദിച്ച തുക | വിഭാഗം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| സരസ്വതി എ<br>കൃഷ്ണ നായിക്<br>എടപ്പാടി (H), മൊവ്വാർ<br>A/C-40413100011174 | 09-12-2024 | 90,000 | എസ്.ടി | തറ നിർമ്മാണം പൂർത്തിയായി. |
| രത്നാവതി<br>W/O ഈശ്വര നായിക്ക്<br>A/C-40413100003248 | 07-07-2023<br>06-11-2024 | 90,000<br>2,10,000 | എസ്.ടി | ചുമർ പൂർത്തിയായി. |
| പാർവതി<br>W/O അശോക് കുമാർ<br>68680100003002 | 20-03-2023<br>06-11-2024 | 40,000<br>100,000 | എസ്.സി | ലിന്റൽ പൂർത്തിയായി. |
| സരോജിനി<br>W/O ഐത്തപ്പ<br>A/C-40413100011629 | 20-12-2024 | 40,000 | എസ്.സി | തറ നിർമ്മാണം പൂർത്തിയായി. |
| ദേവകി | 19-05-2023 | 40,000 | എസ്.സി | ലിന്റൽ പൂർത്തിയായി. |

| | | | | |
|---|---|---|---|---|
| W/O ഐത്തപ്പ<br>A/C-40413100002835 | 06-11-2024 | 1,60,000 | | |

ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെയും പൂർത്തീകരിക്കാത്ത മേൽപട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ ലംഘനത്തിന് ഗുണഭോക്താക്കൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.34 / 29.08.2025)

**1-27 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ മുഴുവനായും പരിഗണിക്കാത്തതിനാൽ അധിക ചെലവ്.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ടിന്റെ നം, പേര്. | 255/25, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹320274( ഹെൽത്ത് ഗ്രാന്റ് ) |
| ചെലവ് | ₹217113 |
| ബിൽ | 1. 90/09.09.2024 – 71248/-<br>2.222/01.01.2025 – 41384/-<br>3.239/09.01.2025 – 29904/-<br>4.251/20.01.2025 – 4400/-<br>5.270/29.01.2025 – 14336/-<br>6.284/11.02.2025 – 39374/-<br>7.302/19.02.2025 – 14336/-<br>8.360/11.03.2025 - 2131/- |

പദ്ധതിയുടെ ഭാഗമായി 12 ലാബ് ഉപകരണങ്ങൾ വാങ്ങാൻ ക്ഷണിച്ച ലിമിറ്റഡ് ടെണ്ടറിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു.

| ക്രമ നം | Particulars | കാസറ ഗോഡ് ഡയ ഗ്നോസിസ് | ഹ്യൂമാനിറ്റി ഹെൽത്ത് കെയർ പറശ്ശിനിക്കടവ് | നിരുപമ മെഡിക്കൽസ് & സർജി ക്കൽസ് മലപ്പട്ടം | നെഫ്രോളിൻ സർജിക്കൽസ് കണ്ണൂർ | ഇൻഡോ മെഡ് സർജി ക്കൽസ് കണ്ണൂർ | ഗ്ലോബൽ മെഡി ടെക്ക് കണ്ണൂർ |
|---|---|---|---|---|---|---|---|
| 1 | Blood Urea | 1077.44 | 1057 | 1067 | 2005 | 1098 | 1219 |
| 2 | Clot Tube | 2.01 | 1.96 | 2.71 | 2.45 | 2.55 | 2.49 |
| 3 | Disposible Syringe 2CC With 23K Needle | 3.58 | 2.17 | 2.45 | 2.29 | 2.25 | 2.35 |
| 4 | Edta Tubes | 2.07 | 2.02 | 2.71 | 2.45 | 2.60 | 2.49 |
| 5 | Grouping Sera A B And D | 577.5 | 572 | 603 | 614 | 621 | 610 |
| 6 | HIV 1&2 Antibody Screening EIA Visual ASSAY - | 71.4 | 61.95 | 62.25 | 63.06 | 64.04 | 64.55 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Rapid Method 1 Test | | | | | | |
| 7 | Serum Bilrubin Reagent | 786.24 | 669 | 726.50 | 675 | 723 | 714 |
| 8 | Tissue Roll | 47.20 | 32 | 36 | 35 | 34 | 34 |
| 9 | Uric Acid Reagent | 1354 | 1210 | 1303 | 1735 | 1278 | 1235 |
| 10 | Urine Pregancy Test Kit | 12.60 | 10.08 | 14.05 | 12.35 | 11.15 | 11.79 |
| 11 | Urine Strip Albumin And Sugar | 140 | 135 | 174 | 171 | 159 | 179 |
| 12 | VDRL RPR Card 1 Test | 13.32 | 12.32 | 17.04 | 13.05 | 15.76 | 14.99 |

ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ' പറശ്ശിനിക്കടവ് ഹ്യൂമാനിറ്റി ഹെൽത്ത് കെയർ' എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയത്. 24.01.2025 ലെ 1/1 തീരുമാന പ്രകാരം ഭരണ സമിതി മേൽ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.എന്നാൽ ഇതിൽ ഉൾപ്പെട്ട ' Disposible Syringe 2 CC With 23K Needle' എന്ന ഉപകരണം ( തുക- 2.17 X 4000 X 12%(GST) = 9722 ) മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് പകരം ടെണ്ടർ ക്രമം തെറ്റിച്ച് ഉയർന്ന നിരക്കിൽ ( 4000 X 3.2x12% (GST)= 14336) ' കാസറഗോഡ് ഡയഗ്നോസിസ്' എന്ന സ്ഥാപനത്തിൽ നിന്ന് ' Disposible Syringe 2 CC With 23G, Needle' എന്ന സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണം വാങ്ങിയിട്ടുണ്ട്. മറ്റ് ബ്രാന്റുകളുടെ സിറിഞ്ച് ഉപയോഗിക്കുമ്പോൾ കുട്ടികൾക്ക് തടിപ്പും വേദനയും അനുഭവപ്പെടുന്നുണ്ടെന്ന് ലാബ് ടെക്നീഷ്യൻ അറിയിച്ചതുകൊണ്ടാണ് മേൽ സ്പെസിഫിക്കേഷനോടുകൂടിയ ‘BD’ ബ്രാന്റ് സിറിഞ്ച് വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ ക്രമം തെറ്റിച്ച് ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയതിന് ഭരണസമിതി അംഗീകാരം ലഭ്യമാക്കാത്തതിനാൽ 4614 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം - 23/2024-25 തീയതി.29.08.2025)

**1-28 കുബംഡാജെ പി.എച്ച്.സി ലാബ് ഉപകരണങ്ങൾ വാങ്ങൽ- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ടിന്റെ നം, പേര്. | 255/25, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹320274( ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹217113 |
| ബിൽ | 1. 90/09.09.2024 – 71248/-,<br>2.222/01.01.2025 – 41384/-<br>3.239/09.01.2025 – 29904/-<br>4.251/20.01.2025 – 4400/-<br>5.270/29.01.2025 – 14336/-<br>6.284/11.02.2025 – 39374/-<br>7.302/19.02.2025 – 14336/-<br>8.360/11.03.2025 - 2131/- |

സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മതിപ്പ് വില 5000 രൂപയ്ക്ക് മുകളിലും 25000 രൂപയിൽ താഴെയുമാണെങ്കിൽ ക്വട്ടേഷനും ഒരു ലക്ഷം രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിക്രമവും സ്വീകരിക്കേണ്ടതാണ്.എന്നാൽ ഇപ്രകാരം നടപടികൾ പാലിക്കാതെയാണ് താഴെ പറയുന്ന വാങ്ങലുകൾ നടത്തിയത്.കാസറഗോഡ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ ഘട്ടങ്ങളിലായി ക്വട്ടേഷൻ നടപടികൾ കൈക്കൊള്ളാതെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ബില്ല് നമ്പർ, തീയതി | തുക | ഉൾപ്പെട്ട സാംഖ്യ ബിൽ |
|---|---|---|
| HOBC560-Dtd.09.05.24 | 14670 | വിവിധ ലാബ് ഉപകരണങ്ങൾ 90/09.09.2024 |
| HOBC713-Dtd.20.05.24 | 400 | |
| HOBC851-Dtd.28.05.24 | 4900 | |
| HOBC1040-Dtd.10.06.24 | 400 | |
| HOBC1463-Dtd.04.07.24 | 14440 | |
| HOBC2522-Dtd.24.08.24 | 8253 | |
| HOBC2595-Dtd.28.08.24 | 14997 | |
| TOTAL | ₹58020 | |

മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(23/29.08.2025) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ലാബ് ഇനങ്ങൾ വാങ്ങേണ്ട അടിയന്തിര സാഹചര്യത്തിലാണ് ടെണ്ടർ നടപടികളില്ലാതെ വാങ്ങൽ നടത്തേണ്ടി വന്നത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-29 കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ അനുവദിച്ച ആംബുലൻസ് തുരുമ്പെടുത്ത് നശിക്കുന്നു.**

കുമ്പഡാജേ ഗ്രാമപഞ്ചായത്തിലെ പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് എൻഡോസൾഫൻ ദുരിതമനുഭവിക്കുന്ന രോഗികളെ പരിചരിക്കുന്നതിന്റെ ഭാഗമായി ആശുപത്രികളിൽ രോഗികളെ എത്തിക്കുന്നതിനായി എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി 2015 ൽ കുമ്പഡാജേ ഗ്രാമപഞ്ചായത്തിന് അനുവദിച്ച ആംബുലൻസ് (KL 14 R 3862) 2021 മുതൽ പഞ്ചായത്ത് കോമ്പൗണ്ടിൽ ഉപയോഗിക്കാതെ തുരുമ്പെടുത്ത് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.




ആംബുലൻസ് ഉപയോഗിക്കാതെ നശിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/31.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആംബുലൻസ് ഉപയോഗപ്രദമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

**1-30 വനിതകൾക്ക് ആട്ട വിതരണം (SO) പദ്ധതി- 6000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണ ഉദ്യോസ്ഥനായ വെറ്ററിനറി സർജൻ, വനിതകൾക്ക് ആട് വിതരണം (SO) പദ്ധതി നടപ്പിലാക്കുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, |
| പ്രൊജക്ട് നമ്പർ ,പ്രൊജക്ടിന്റെ പേര് | 164/25, വനിതകൾക്ക് ആട് വിതരണം (SO) |
| അടങ്കൽ | 30,000 രൂപ |
| ചെലവ് തുക | 30,000 രൂപ |
| ബിൽ റഫറൻസ് നമ്പർ ,തിയ്യതി | 24200252014700223125 / 25.6.2024 |
| ഫണ്ട് ഇനം | വികസന ഫണ്ട് ( ജനറൽ ) |

ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 20 കിലോഗ്രാം തൂക്കമുള്ള 10,000 രൂപ വില വരുന്ന 2 പെണ്ണാടുകളെ വീതം വാങ്ങാനായി പരമാവധി 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. 04.06.2022-ലെ വികേന്ദ്രീകാസൂത്രണ പദ്ധതികളുടെ കാസറഗോഡ് ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ സമിതിയുടെ നടപടിക്കുറിപ്പിലെ ക്രമ നം.61 പ്രകാരം, ഒരു ആടിന്റെ വില 8,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്.അതിനാൽ ഒരു ആടിന് നൽകാവുന്ന പരമാവധി വില 8,000/-രൂപയാണ്. ഗുണഭോക്താക്കൾക്ക് ആടിനെ വിതരണം ചെയ്ത വ്യക്തികളുടെ പേരും അക്കൗണ്ട് നമ്പരും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആടിനെ വിറ്റ വ്യക്തിയുടെ പേര് | ആടിനെ വിറ്റ വ്യക്തിയുടെ അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|---|
| 1 | ആയിഷ, ബാറഡുക്ക | ഉഷ എൻ | 40451101011702 | 10,000 രൂപ |
| 2 | സെറീന ഉപ്പക്കൽ | അബ്ദുൾ ഖാദർ എം | 40417101035508 | 10,000 രൂപ |
| 3 | ഖദീജ എ , മറത്തില | അബ്ദുൾ റഹ്മാൻ | 110108250915 | 10,000 രൂപ |
| | | | **ആകെ** | **30,000 രൂപ** |

ഗ്രാമ പഞ്ചായത്തിലെ വനിത ഗുണഭോക്താക്കൾക്ക് രണ്ട് ആട് വീതം ഗുണഭോക്തൃ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി ഉദ്ദേശിച്ചത്. സ.ഉ.115/2022/ ത.സ്വ.ഭ.വ. തിയ്യതി : 28.5.2022 -ലെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 6.3 ,ക്രമ നമ്പർ 33-ൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളിലെ ക്രമ നമ്പർ 2-ൽ ,ആടിന്റെ വില ജില്ല തലത്തിൽ നിശ്ചയിക്കണമെന്നും വില കണക്കാക്കുമ്പോൾ ഇൻഷ്വറൻസ്, കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല എന്നും അവ ഗുണഭോക്താക്കൾ വഹിക്കണമെന്നും സൂചിപ്പിക്കുന്നുണ്ട്. നിർദ്ദേശങ്ങളിലെ ക്രമ നമ്പർ -3 പ്രകാരം , വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

അദ്ധ്യക്ഷയായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുള്ള പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പ്രായം , ഗുണ നിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ വാങ്ങുന്നത് അനുവദനീയമല്ല എന്ന് വിശദീകരിക്കുന്നുണ്ട്. പദ്ധതി പ്രകാരം ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെട്ട 3 വനിതകൾക്ക്, 2 ആടുകളെ വീതം ആകെ 6 ആടുകളെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഒരു ആടിന് 10,000 രൂപ നിരക്കിൽ 6 ആടുകളുടെ ആകെ വില 60,000 (6x10,000) രൂപയാണ്. 50% സബ്സിഡി തുകയായ 30,000 (5000X6) രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ആടിനെ വിറ്റ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. 04.06.2022 ലെ വികേന്ദ്രീകാസൂത്രണ പദ്ധതികളുടെ കാസറഗോഡ് ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ സമിതിയുടെ നടപടിക്കുറിപ്പിലെ ക്രമ നം.61 പ്രകാരം, ഒരു ആടിന്റെ വില 8,000/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ 17.6.2022-ലെ ഡി1-2050/21(1) നമ്പർ കത്ത് പ്രകാരം, വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ജില്ല തല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ വിലകൾ ഉപയോഗിക്കുന്നതിന് പദ്ധതി രൂപീകരണ സമയത്ത് ശ്രദ്ധിക്കണമെന്ന്, കാസറഗോഡ് മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് അറിയിച്ചിട്ടുണ്ട്. അതിനാൽ ഒരു ആടിന് 50 % സബ്സിഡി നിരക്കിൽ പരമാവധി അനുവദിക്കാവുന്ന വില തുക 4,000/-രൂപയാണ്. എന്നാൽ ഒരു ആടിന് 10,000 രൂപ നിരക്കിൽ 6 ആടുകളുടെ വിലയായ 60,000 രൂപയുടെ 50% സബ്സിഡി തുകയായ 30,000രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ആടുകളെ വിറ്റ വ്യക്തികളുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ 6 ആടുകളുടെ വിലയായി ആകെ 24,000 (6x4000=24,000) രൂപ മാത്രമാണ് അനുവദിക്കാവുന്ന സബ്സിഡി തുക. ഗുണഭോക്താക്കൾക് ആടിനെ വിറ്റ വ്യക്തികളുടെ അക്കൗണ്ടിലേക്ക് 6,000 രൂപ (30,000-24,000 = 6,000 ) അധികം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയ്ക്കും, വികേന്ദ്രീകാസൂത്രണ പദ്ധതികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റിനും വിരുദ്ധമായി തുക അധികമായി ചെലവഴിച്ചത് സംബന്ധിച്ച് വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :19 തിയ്യതി : 29.8.2025.) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കറവയുള്ള ആടിന്റെ വില 15,000 രൂപയാണെന്നും ഒരു പെണ്ണാടിന് 10,000 രൂപ മാത്രമേ നൽകിയിട്ടുള്ളുവെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. 10,000 രൂപ വില വരുന്ന 2 പെണ്ണാടുകളെ വീതം വാങ്ങാനായി, പരമാവധി 10,000 രൂപ സബ്സിഡി അനുവദിക്കുന്നതിനാണ് പ്രൊജക്ട് . എന്നാൽ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ സമിതിയുടെ തീരുമാന പ്രകാരം ഒരു ആടിന് നൽകാവുന്ന വില 8,000/-രൂപ മാത്രമാണ്. ഗുണഭോക്താക്കൾക്ക് നൽകിയ സാക്ഷ്യപത്രത്തിൽ രണ്ട് പെണ്ണാടുകളെയാണ് വാങ്ങിയതെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഗുണഭോക്താവിന്റെ കരാർപത്രത്തിലും, ആടുകളെ വിറ്റ വ്യക്തികൾക്ക് തുക അനുവദിക്കുന്നതിനുള്ള ഗുണഭോക്താവിന്റെ അപേക്ഷയിലും കറവയുള്ള പെണ്ണാടുകൾ എന്നും സൂചിപ്പിക്കുന്നുമുണ്ട്.ഓഡിറ്റ് സമയത്ത് വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രമോ ഗുണഭോക്താവിന്റെ കരാർ പത്രമോ ആടുകളെ വിറ്റ വ്യക്തികൾക്ക് ആടിന്റെ വില അനുവദിക്കണമെന്നുള്ള ഗുണഭോക്താവിന്റെ അപേക്ഷയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായിട്ടാണ് പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടുള്ളത്.വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രം, ഗുണഭോക്താവിന്റെ കരാർ പത്രം, ആടുകളെ വിറ്റ വ്യക്തികൾക്ക് ആടിന്റെ വില അനുവദിക്കണമെന്നുള്ള ഗുണഭോക്താവിന്റെ അപേക്ഷ എന്നിവ പൊരുത്തപ്പെടുന്നില്ല.കൂടാതെ ഇത് സംബന്ധിച്ച പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ സമിതിയുടെ യോഗ തീരുമാനത്തിന് വിരുദ്ധമായി അധികം നൽകിയ 6,000 (30,000-24,000 =6,000 ) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ :19 തിയ്യതി : 29.8.2025.)

**1-31 കറവപ്പശു വിതരണം ST (SO) പദ്ധതി - അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.**

നിർവ്വഹണ ഉദ്യോസ്ഥനായ വെറ്ററിനറി സർജൻ, കറവപ്പശു വിതരണം ST (SO) പദ്ധതി നടപ്പിലാക്കു

ന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | **വെറ്ററിനറി സർജൻ,** |
|---|---|
| പ്രൊജക്ട് നമ്പർ , പേര് | 165/25, കറവപ്പശു വിതരണം ST (SO) |
| അടങ്കൽ | 60,000 രൂപ |
| ചെലവ് തുക | 60,000 രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് ( ടി.എസ്.പി. ) |
| **ബിൽ റഫറൻസ് നമ്പർ ,തിയ്യതി** | **തുക** |
| (1)24200252014700223183 / 25.6.2024 | 30,000 രൂപ |
| (2) 24200252014700223206 / 25.6.2024 | 30,000 രൂപ |
| **ആകെ** | **60,000 രൂപ** |

പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 100% സബ്സിഡി നിരക്കിൽ കറവപ്പശു വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ,ഗുണഭോക്താക്കളായ സരസ്വതി (ഗുണഭോക്തൃപ്പട്ടിക ക്രമ നമ്പർ -5 ) , ചെനിയ നായ്ക് (ഗുണഭോക്തൃപ്പട്ടിക ക്രമ നമ്പർ -8) എന്നിവർക്ക് പശുവിനെ വിറ്റ വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുക വിവരം താഴെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **ഗുണഭോക്താവിന്റ പേര്** | **പശുവിനെ വിറ്റ വ്യക്തിയുടെ പേര്** | **പശുവിനെ വിറ്റ വ്യക്തിയുടെ അക്കൗണ്ട് നമ്പർ** | **തുക** |
|---|---|---|---|---|
| 1 | സരസ്വതി | ശ്യാമള | 42092200015560 | 30,000രൂപ |
| 2 | ചെനിയ നായ്ക് | ശിവപ്പ നായ്ക് | 40413100002777 | 30,000രൂപ |
| | | | **ആകെ** | **60,000രൂപ** |

പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 100% സബ്സിഡി നിരക്കിൽ കറവപ്പശു വിതരണം ചെയ്യുന്ന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 60,000 (സങ്കരയിനം) വരെ പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്.എന്നാൽ 30,000 രൂപയുടെ പശുവിനെയാണ് വിതരണം ചെയ്തത്. ഗുണഭോക്താവായ സരസ്വതിയ്ക്ക് പശുവിനെ വിറ്റു എന്ന് അവകാശപ്പെടുന്ന വ്യക്തി എത്ര രൂപയ്ക്കാണ് വിറ്റതെന്ന് തുക രേഖപ്പെടുത്തിട്ടില്ല.കൂടാതെ സരസ്വതി പട്ടിക വർഗ്ഗ ഗുണഭോക്താവാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ല.

<u>പ്രോജക്ട് ഫയലിൽ താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.</u>

(1) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന ഗുണ നിലവാര സാക്ഷ്യപത്രം.

(2) മൂന്ന് വർഷം വർഷം പരിപാലിക്കേണ്ടതാണ് എന്നുള്ള എഗ്രീമെന്റ്.

(3) പശുവിനെ കൈപ്പറ്റിയതിന്റെ രേഖകൾ.

മേൽ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :20, തിയ്യതി : 29.8.2025.) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-32 വനിതകൾക്ക് കറവപ്പശു വിതരണം (SO) പദ്ധതി -അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.</u>**

നിർവ്വഹണ ഉദ്യോസ്ഥനായ വെറ്ററിനറി സർജൻ, വനിതകൾക്ക് കറവപ്പശു വിതരണം (SO) പദ്ധതി നടപ്പിലാക്കുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ ,പേര് | 163/25,വനിതകൾക്ക് കറവപ്പശു വിതരണം(SO) | |
| അടങ്കൽ | 40,000 രൂപ | |
| ചെലവ് തുക | 40,000 രൂപ | |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ) | |
| ബിൽ റഫറൻസ് നമ്പർ ,തിയ്യതി,തുക | (1) 24200252014700223196 / 25.6.2024 | 20,000രൂപ |
| | (2) 24200252014700223172 / 25.6.2024 | 20,000രൂപ |
| | **ആകെ** | **40,000രൂപ** |

വനിതകൾക്ക് കറവപ്പശു വിതരണം (SO) പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ കറവപ്പശു വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ,ഗുണഭോക്താക്കളായ പ്രേമ (ഗുണഭോക്തൃപ്പട്ടിക ക്രമ നമ്പർ -5 ) , ദൈനബി (ഗുണഭോക്തൃ പ്പട്ടിക ക്രമ നമ്പർ -25) എന്നി ഗുണഭോക്താക്കൾക്ക് പശുവിനെ വിറ്റ വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.തുക വിവരം താഴെ ചേർക്കുന്നു

| **ക്രമ നമ്പർ** | **ഗുണഭോക്താവിന്റെ പേര്** | **പശുവിനെ വിറ്റ വ്യക്തിയുടെ പേര്** | **പശുവിനെ വിറ്റ വ്യക്തിയുടെ അക്കൗണ്ട് നമ്പർ** | **തുക** |
|---|---|---|---|---|
| 1 | **പ്രേമ** | ഗ്രേസി ഡിസൂസ | 40617101000706 | 20,000രൂപ |
| 2 | **ദൈനബി** | ആയിഷബി | 40596101028173 | 20,000രൂപ |
| | | | **ആകെ** | **40,000രൂപ** |

പ്രോജക്റ്റ് ഫയലിൽ താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

(1) പശുവിന്റെ ആരോഗ്യ ഗുണ നിലവാര സാക്ഷ്യപത്രം

(2) മൂന്ന് വർഷം പരിപാലിക്കേണ്ടതാണ് എന്നുള്ള എഗ്രീമെന്റ്

(3) പശുവിനെ കൈപ്പറ്റിയതിന്റെ രേഖകൾ

മേൽ വിവരങ്ങൾ/രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :21തിയ്യതി : 29.8.2025.) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 ചക്കടൽ കുടിവെള്ള പദ്ധതി-കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ട 13,000 രൂപ കരാറുകാരന് നൽകി.**

ഗ്രാമ പഞ്ചായത്തിലെ ചക്കടൽ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ, മേൽ ബിൽ നമ്പർ പ്രകാരം 1,09,897 രൂപ കരാർ ഏറ്റെടുത്ത മുഹമ്മദ് സിയാബ് ടി.എം എന്നവർക്ക് നൽകിയിട്ടുണ്ട്.ഈ തുകയിൽ 13,000 രൂപ ഇലക്ട്രിക്കൽ പോസ്റ്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ടിയിരുന്ന തുകയാണ്. എന്നാൽ കരാറുകാരൻ ഈ തുക കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്യുകയോ പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കരാറുകാരനായ മുഹമ്മദ് സിയാബ് ടി.എം -ൽ നിന്നും 13,000 രൂപ തിരികെ ഈടാക്കി കെ.എസ്.ഇ.ബി യിൽ ഒടുക്കി പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ:32തിയതി : 30.8.2025.) വിശദ വിവരങ്ങൾ ഖണ്ഡിക **3-1** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-34 മവ്വാർ- പെരിഞ്ച കുടിവെള്ള പദ്ധതി-കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ട തുകയായ 13,000 രൂപ കരാറുകാരന് നൽകി**

ഗ്രാമ പഞ്ചായത്തിലെ , മവ്വാർ- പെരിഞ്ച കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ.എസ്.ജി.ഡി, അസി.എഞ്ചിനീയർ, മേൽ ബിൽ നമ്പർ പ്രകാരം 1,98,043 രൂപ കരാർ ഏറ്റെടുത്ത മുഹമ്മദ് സിയാബ് ടി.എം എന്നവർക്ക് നൽകിയിട്ടുണ്ട്. ഈ തുകയിൽ 13,000 രൂപ ഇലക്ട്രിക്കൽ പോസ്റ്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ടിയിരുന്ന തുകയാണ്. ഈ തുക കരാറുകാരൻ കെ.എസ്.ഇ.ബി യിൽ നിക്ഷേപിക്കുകയോ പോസ്റ്റ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കരാറുകാരനായ മുഹമ്മദ് സിയാബ് ടി.എം-ൽ നിന്നും 13,000 രൂപ തിരികെ ഈടാക്കി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച് പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:33 തിയതി : 30.8.2025.) വിശദ വിവരങ്ങൾ ഖണ്ഡിക **3-2** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-35 ജൽജീവൻ മിഷൻ പദ്ധതി- അവലോകനം**

2024 വർഷത്തോടു കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, ജലനിധി എന്നിവ യിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെ ടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം കുംബഡാജേ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റ് സമയത്ത് ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതിയുടെ നടത്തിപ്പ് അവലോകനത്തിന് വിധേയമാക്കി. ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ കേരള ജല അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 തിയതി.22/08/2025 ന് ഗ്രാമ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതമായോ ഗുണഭോക്തൃ വിഹിതമായോ തുകയൊന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല എന്ന് അധികൃതർ അറിയിക്കുകയുണ്ടായി .

ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് സ.ഉ.(സാധാ) നം. 4584/2020/ധന/ തിയ്യതി. 10.08.2020 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ഫണ്ട് കണ്ടെത്തുന്നതിനുള്ള സാദ്ധ്യതകൾ ഗ്രാമപഞ്ചായത്ത് പ്രയോജനപ്പെടുത്തിക്കാണുന്നില്ല.

ഗ്രാമ പഞ്ചായത്ത് ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിലുള്ള ജലനിധി പദ്ധതിയുടെ സാധ്യതകൾകൂടി പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-36 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ആരോഗ്യ മേഖല ഗ്രാന്റ്-ഗ്രാമപഞ്ചായത്ത് തല അവലോകനം.**

